'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോഴിക്കോട് നഗരസഭാ കാര്യാലയത്തിലും ഹെൽത്ത് വിഭാഗത്തിന്റെ 17- സർക്കിൾ ഓഫീസിലും വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. പി. ഹരിദാസൻ , ശ്രീ .ടി. ചന്ദ്രൻ , ശ്രീ .വി . കെ പ്രമോദ് എന്നിവർക്കെതിരായ അച്ചടക്ക നടപടി-തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2164/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/10/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.07.2012 തീയതിയിലെ ഇ12(എസ്.സി 07/2012/കെ.കെ.ഡി) 12433/2012 നം. കത്ത്

2 സർക്കാരിന്റെ 13.12.2013 തീയതിയിലെ 59112/ഇയു2/12/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 26.03.2019 തീയതിയിലെ വി2-158/2014 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭാ കാര്യാലയത്തിലും ഹെൽത്ത് വിഭാഗത്തിന്റെ 17-ാം സർക്കിൾ ഓഫീസിലും കോഴിക്കോട് വിജിലൻസ് വിഭാഗം 27.02.2012ൽ 'ഓപ്പറേഷൻ ട്ടയർ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം 1പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിലെ 17-ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ പി ഹരിദാസൻ, ശ്രീ ടി ചന്ദ്രൻ, ശ്രീ വി. കെ പ്രമോദ് എന്നിവർക്കെതിരെ പരാമർശം 2പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന്മേൽ ടിയാളുകൾ സമർപ്പിച്ച മറുപടി പരിശോധിക്കുകയും പ്രസ്തുത ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നത്

കെ.സി.എസ്(സി.സി&എ) റൂൾ 1 5 പ്രകാരമായതിനാൽ റൂൾ 15 (ബി) പ്രകാരമുള്ള വിശദമായ അന്വേഷണം നടത്തുന്നതിന് നഗരകാര്യ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. ഡി&ഒ ലൈസൻസിനുള്ള അപേക്ഷകരെ സർക്കിൾ ഓഫീസിലും നഗരസഭാ കാര്യാലയത്തിലും നിരന്തരം വരുത്തേണ്ട അവസ്ഥ ഉണ്ടാകുന്നതായി പരാമർശിച്ചുകൊണ്ടാണ് കോഴിക്കോട് നഗരസഭ 17 - ാം ഹെൽത്ത് സർക്കിൾ ജീവനക്കാരായിരുന്ന ശ്രീ .പി. ഹരിദാസൻ, ശ്രീ .ടി. ചന്ദ്രൻ, ശ്രീ .വി.കെ പ്രമോദ് എന്നിവർക്ക് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത്. കുറ്റാരോപണ മെമ്മോയ്ക്ക് ടി മൂന്നു ജീവനക്കാരുടേയും മറുപടികളിൽ ജോലിഭാരം സംബന്ധിച്ചും ലൈസൻസ് പുതുക്കൽ നടപടികളിൽ കാലതാമസമുണ്ടാകുന്നത് സംബന്ധിച്ചും പ്രതിവാദപത്രികയിൽ വിവരിച്ചിരിക്കുന്നു. ട്രേഡ് ലൈസൻസിന് സർക്കിൾ ഓഫീസിലെത്തുന്നവർക്ക് ലൈസൻസ് ഫോറം നഗരസഭാ ഓഫീസിലാണ് ലഭിക്കുകയെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് പറഞ്ഞുകൊടുക്കുകയും തുടർന്ന് അപ്രകാരം നഗരസഭാ കാര്യാലയത്തിൽ പോയി ഫോറം വാങ്ങി പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം അന്നുതന്നെയോ തുടർന്നുള്ള ദിവസങ്ങളിലോ തിരിച്ച് സർക്കിൾ ഓഫീസിൽ തന്നെ എത്തിച്ച ശേഷം ആവശ്യമായ പരിശോധന (കട പരിശോധന ഉൾപ്പെടെ) നടത്തി ലൈസൻസ് ഫീ അടപ്പിക്കുന്നതിനായി ശുപാർശ ചെയ്ത് അപേക്ഷകന്റെ കൈവശം തന്നെ കോർപ്പറേഷൻ ഹെൽത്ത് ഓഫീസർക്ക് അയയ്ക്കുകയും ചെയ്യുന്നതായും കൗണ്ടറിൽ ഫീ ഒടുക്കി രസീത് വാങ്ങിയതിനു ശേഷം നമ്പറിട്ട് തുടർനടപടിക്കായി സർക്കിൾ ഓഫീസിലേക്ക് മാസങ്ങൾ വരെ കഴിഞ്ഞാണ് പ്രസ്തുത അപേക്ഷകൾ എത്തുന്നതെന്നും അപ്രകാരം എത്തിയ ശേഷമാണ് ലൈസൻസ് തയ്യാറാക്കി നൽകുന്നതെന്നും മറുപടി നൽകിയിരിക്കുന്നു. ആയത് കൈപ്പറ്റാൻ വീണ്ടും അപേക്ഷകർ സർക്കിൾ ഓഫീസിൽ എത്തുന്നു. ഇപ്രകാരമുള്ള നടപടിക്രമം വർഷങ്ങളായി നിലനിൽക്കുന്നതും കീഴുദ്യോഗസ്ഥരെന്ന നിലയ്ക്ക് മാറ്റാൻ കഴിയാത്തതുമാണ് എന്നും 17 - ാം നമ്പർ സർക്കിളിൽ എഴുപതോളം വരുന്ന കണ്ടിൻജന്റ് ജീവനക്കാരുടെ മേൽനോട്ടവും സർവ്വീസ് എസ്റ്റാബ്ലിഷ്മെന്റ് കൈകാര്യവും സെൻട്രൽ മാർക്കറ്റ് ഉൾപ്പെടെയുള്ള സർക്കിൾ പ്രദേശത്തെ ശുചീകരണം, കൊതുക നിവാരണ പ്രവർത്തനം, ഡി&ഒ ലൈസൻസ് സംബന്ധിച്ച ജോലികൾ ഭക്ഷ്യ ശുചിത്വം ഉറപ്പ വരുത്തുന്നതിനുള്ള പരിശോധനകൾ, ജനന- മരണ രജിസ്ട്രേഷൻ സംബന്ധിച്ച അന്വേഷണങ്ങൾ, മാലിന്യ സംസ്കരണ പ്രവർത്തന മേൽനോട്ടം, പ്ലാസ്റ്റിക് നിരോധനം, കുടുംബശ്രീ, ക്ലീൻ കേരള യൂണിറ്റുകളുടെ മേൽനോട്ടം, ക്ഷേമ പെൻഷനുകളുടെ അപേക്ഷയിന്മേലുള്ള അന്വേഷണം എന്നിങ്ങനെ വിവിധ ജോലികൾ തങ്ങളുടെ ചുമതലയിലുള്ളതാണെന്നും ജീവനക്കാർ മറുപടി നൽകിയിരുന്നു.

3. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ പി. ഹരിദാസൻ, ശ്രീ ടി. ചന്ദ്രൻ, ശ്രീ വി. കെ പ്രമോദ് എന്നീ ജീവനക്കാർ 19.01.2019- ാം തീയതി നഗരകാര്യ ജോയിന്റ്

ഡയറക്ടർ മുൻപാകെ ഹിയറിംഗിന് ഹാജരായി മൊഴി നൽകിയിരുന്നു. ഹിയറിംഗ് വേളയിൽ നൽകിയ മൊഴിയും വിജിലൻസ് റിപ്പോർട്ടും മറ്റ് രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ജോയിന്റ് ഡയറക്ടറുടെ കണ്ടെത്തലുകൾ പ്രകാരം വിജിലൻസ് റിപ്പോർട്ടിലും കുറ്റാരോപണ മെമ്മോയിലും ലൈസൻസ് സംബന്ധമായി പലവട്ടം അപേക്ഷകർക്ക് ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ സൂചിപ്പിച്ചിരുന്നത് ശരിയാണെന്നും ലൈസൻസ് സംബന്ധമായ ഫോറം കോർപ്പറേഷൻ കാര്യാലയത്തിൽ നിന്നും മാത്രമേ വിതരണം നടത്തുന്നുള്ളുവെന്നും 5 രൂപയ്ക്ക് ഫോറം വാങ്ങി പൂരിപ്പിച്ച് സർക്കിൾ ഓഫീസിൽ എത്തിച്ച് അതിന്മേൽ നടപടി സ്വീകരിച്ച് ഫീ ഒടുക്കാൻ വീണ്ടും കോർപ്പറേഷൻ ഓഫീസിൽ പോകണമായിരുന്നു എന്നും ഫീ അടവാക്കിയ ശേഷം കോർപ്പറേഷൻ ഓഫീസിൽ നിന്നും വീണ്ടും സർക്കിൾ ഓഫീസിലേക്ക് അപേക്ഷ എത്തിക്കുന്ന മുറയ്ക്ക് ലൈസൻസ് തയ്യാറാക്കി അത് കോർപ്പറേഷൻ കാര്യാലയത്തിലെ ആരോഗ്യ വിഭാഗം മേധാവിക്ക് എത്തിച്ച് ഒപ്പ് ലഭ്യമാക്കി വീണ്ടും തിരിച്ചെത്തിയ ശേഷമായിരുന്നു വിതരണം എന്നും ഈ പ്രക്രിയയ്ക്ക് മാസങ്ങൾ വേണ്ടി വന്നിരുന്നുവെന്നും അന്വേഷണത്തിൽ ലൈസൻസ് ഒപ്പ് വച്ച് നൽകുന്നതിനും സംവിധാനമേർപ്പെടുത്തിയിട്ടുള്ളതിനാൽ മേൽ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമായിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരുന്നു.

4 . മേൽ സംഗതികളിൽ നിന്നും വർഷങ്ങൾക്കു മുമ്പെ ഉണ്ടായിരുന്ന സംവിധാനത്തിന്റെ അപാകത മൂലമാണ് ഡി & ഒ ലൈസൻസ് അപേക്ഷകർക്ക് നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ടി വന്നിരുന്നത് എന്നു കാണുന്നതായും ആയത് ഹെൽത്ത് സർക്കിൾ ജീവനക്കാരുടെ നിയന്ത്രണത്തിനതീതമാണ് എന്നതിനാൽ അപേക്ഷകർക്ക് നേരിടേണ്ടിവന്ന ബുദ്ധിമുട്ടിന് പ്രസ്തുത ഉദ്യോഗസ്ഥർ കാരണക്കാരാവുന്നില്ല എന്നും, ശ്രീ.പി.ഹരിദാസൻ, ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 31.07.2017 – ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളത് പരിഗണിച്ചും ടി ജീവനക്കാർക്കെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോ/പത്രിക, ജീവനക്കാരുടെ പ്രതിവാദപത്രിക, നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം ഇക്കാര്യം പരിശോധിച്ചതിൽ ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകരെ സർക്കിൾ ഓഫീസിലും നഗരസഭാ കാര്യാലയത്തിലും നിരന്തരം നിർബന്ധപൂർവ്വം വരുത്തേണ്ട അവസരം ഉണ്ടാക്കുന്നതായി കണ്ടെത്തി എന്നതായിരുന്നു ടിയാളുകൾക്കെതിരെ ഉന്നയിച്ചിരുന്ന ആരോപണം എന്ന് കാണുന്നു. ആയതിന് ടിയാളുകളുടെ പ്രതിവാദപത്രികയിലുള്ള ജോയിന്റ് ഡയറക്ടറുടെ പരിശോധനാറിപ്പോർട്ട് പ്രകാരം വർഷങ്ങൾക്കു മുൻപേ ഉണ്ടായിരുന്ന സംവിധാനത്തിന്റെ അപാകത മൂലമാണ് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകർക്ക് നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ടി വന്നിരുന്നത് എന്നു കാണുന്നതായും ആയത് ഹെൽത്ത് സർക്കിൾ ജീവനക്കാരുടെ നിയന്ത്രണത്തിനതീതമാണ് എന്നതിനാൽ അപേക്ഷകർക്ക് നേരിടേണ്ടി വന്ന ബുദ്ധിമുട്ടിന് പ്രസ്തുത ഉദ്യോഗസ്ഥർ കാരണക്കാരാവുന്നില്ല എന്നുള്ളത്

വസ്തുതാപരമാണെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ കോഴിക്കോട് നഗരസഭാ ഹെൽത്ത് വിഭാഗത്തിന്റെ 17-ാം സർക്കിൾ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് കോഴിക്കോട് നഗരസഭയിലെ 17-ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർ ആയിരുന്ന ശ്രീ പി ഹരിദാസൻ , ശ്രീ ടി ചന്ദ്രൻ , ശ്രീ വി . കെ പ്രമോദ് എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ ഒഴിവാക്കികൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ പി ഹരിദാസൻ, ഹെൽത്ത് ഇൻസ്പെക്ടർ, കോഴിക്കോട് നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ ടി ചന്ദ്രൻ ,ഹെൽത്ത് ഇൻസ്പെക്ടർ,കോഴിക്കോട് നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ വി . കെ പ്രമോദ്, ഹെൽത്ത് ഇൻസ്പെക്ടർ, കോഴിക്കോട് നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ്(ഡി)വകുപ്പ് ( 03.05.2019 തീയതിയിലെ VIG-D1/327/2019-VIG-നമ്പർ

കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ